"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/53/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 18-02-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുണഭോക്താവിന്/ സ്ഥാപനത്തിന് അനുവദിക്കുന്നതിനായി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന:-

1. 31.07.2023ലെ ഡിഎ1/264/2023-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 3.3

**********************

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട തുക കൈമാറുന്നത് ട്രഷറി വഴിയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കമുള്ള വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകാറുണ്ട്.

ട്രഷറിയിൽ ബിൽ നൽകിയതിനുശേഷം ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അർഹതപ്പെട്ട തുക വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പിശകുണ്ടെങ്കിലോ, തുക കൈമാറാൻ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിലോ 30 ദിവസത്തിനകം ആയത് പരിഹരിച്ചാൽ ഗുണഭോക്താവിന്/ സ്ഥാപനത്തിന് ബിൽ തുക നൽകാൻ കഴിയും. ഇതിൽ വീഴ്ച വരുന്നതിനാലാണ് ഗുണഭോക്താവിന് ലഭിക്കേണ്ട തുക സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് വരവ് വെയ്ക്കുന്നത്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) / ബന്ധപ്പെട്ട ഉദ്യോഗസ്ഥ(ൻ) അതീവ ജാഗ്രത പാലിക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് നിർദ്ദേശം നൽകുന്നു. ബില്ല് മാറി ഗുണഭോക്താവിന് തന്നെ തുക ലഭിക്കുന്നതിന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

MANOJ T

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും (അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന)
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-02-2025 14:38:43

സെക്ഷൻ ഓഫീസർ.